**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2863** **24-02-2026 - ൽ മറുപടിയ്ക്ക്**

**പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്, ശ്രീ. അൻവർ സാദത്ത്, ശ്രീ. ആര്യാടൻ ഷൗക്കത്ത്, ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പൊട്ടി ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവാരമില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതാണ് നിരന്തരം പൈപ്പ് പൊട്ടാൻ കാരണമെന്ന് അതോറിറ്റിയുടെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | നിലവാരമില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതിനാൽ പൈപ്പ് പൊട്ടൽ സംഭവിക്കുന്നതായി കേരള വാട്ടർ അതോറിറ്റിയുടെ വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടില്ല. ടെണ്ടർ നടപടികളിലൂടെ BIS സ്റ്റാൻഡേർഡുകൾ അനുസരിച്ചുള്ള (IS specifications) പൈപ്പുകൾ മാത്രമാണ് വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുന്നത്. DI K-9, HDPE, PVC തുടങ്ങിയ പൈപ്പുകൾ ബന്ധപ്പെട്ട ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയ ശേഷമാണ് സ്ഥാപിക്കുന്നത്. വിതരണത്തിന് മുമ്പ് Third party ഇൻസ്പെക്ഷൻ, ഹൈഡ്രോ ടെസ്റ്റിംഗ് (Factory and Field testing) എന്നിവ നിർബന്ധമാക്കിയിട്ടുണ്ട്. നിലവാര ലംഘനം കണ്ടെത്തിയാൽ വിതരണക്കാരുടെ മേൽ പിഴ ഈടാക്കുന്ന നടപടികളും ബ്ലാക്ക് ലിസ്റ്റിംഗ് നടപടികളും സ്വീകരിക്കുന്നതാണ്. |
| (സി) | ഇരുപത്തിനാല് മണിക്കൂറും മുടക്കമില്ലാതെ ഗുണനിലവാരമുള്ള ജലവിതരണത്തിന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (സി) | വാട്ടർ അതോറിറ്റിയിൽ ജല ശുദ്ധീകരണശാലകൾ വഴി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം വിവിധ ഘട്ടങ്ങളിൽ ഉറപ്പാക്കിയാണ് വിതരണം നടത്തി വരുന്നത്. വാട്ടർ അതോറിറ്റിയുടെ മിക്കവാറും എല്ലാ പദ്ധതികളും 24 x 7 ശുദ്ധജല വിതരണം നടത്തുന്നതിനായാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ